**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഇമെയിൽ: cru.agridir@kerala.gov.in ഫോൺ: 0471-2304481

നം : ADFW/6636/2023 - TV1

തീയതി : 01.07.2023

**കൃഷി ഡയറക്ടർ**
**തിരുവനന്തപുരം**

**എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും**

സർ,

വിഷയം :- കൃഷി വകുപ്പ് - അവാർഡുകളും സമ്മാനങ്ങളും നൽകൽ - 2022 അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :-
1. സർക്കാർ ഉത്തരവ് നമ്പർ 266/93/കൃഷി തീയതി 24.02.93
2. സർക്കാർ ഉത്തരവ് 187/98/കൃഷി തീയതി 03.05.96
3. സർക്കാർ ഉത്തരവ് 232/96/കൃഷി തീയതി 03.07.96
4. സർക്കാർ ഉത്തരവ് 142/97/കൃഷി തീയതി 10.04.97
5. സർക്കാർ ഉത്തരവ് (എം.എസ്)/276/96/കൃഷി തീയതി 19.12.98
6. സർക്കാർ ഉത്തരവ് (എം.എസ്)/87/99/കൃഷി തീയതി 02.07.99
7. സർക്കാർ ഉത്തരവ് (എം.എസ്)/281/2000 തീയതി 21.08.2000
8. സർക്കാർ ഉത്തരവ് (എം.എസ്) 263/2000 തീയതി 26.07.2000
9. സർക്കാർ ഉത്തരവ് (എം.എസ്) 21/14 കൃഷി തീയതി 07.02.14
10. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 151/02/കൃഷി തീയതി 02.08.02
11. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 104/14 കൃഷി തീയതി 14.05.14
12. സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ1435/2014/കൃഷിതീയതി 11.08.14
13. സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 1692/2014/കൃഷി തീയതി 18.09.14
14. നം. അഗ്രി ഇബി2/291/2018-അഗ്രി തീയതി 12.06.2019
15. സർക്കാർ ഉത്തരവ്(സാധാ) നമ്പർ 637/2023/കൃഷി തീയതി 30.06.23

മുകളിൽ പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവുകൾ പ്രകാരം ഓരോ വർഷവും സംസ്ഥാനത്തെ മികച്ച കർഷകർ, മികച്ച പാടശേഖര സമിതി, ശാസ്ത്രജ്ഞന്മാർ, പത്രപ്രവർത്തകർ, കാർഷിക മേഖലകളിലെ മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന വിവിധ മേഖലകളിലെ വ്യക്തികൾ എന്നിവർക്ക് അവാർഡുകളും സമ്മാനങ്ങളും നൽകുന്നതിന് ഉത്തരവിറക്കിയിട്ടുണ്ട്.

സൂചന 15 ഉത്തരവ് പ്രകാരം 2022 വർഷത്തെ കൃഷി വകുപ്പ് മുഖേന നൽകുന്ന കർഷക അവാർഡുകൾ പുനക്രമീകരിച്ച് അവാർഡു തീരുമാനിക്കുന്നതിനായി നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതനുസരിച്ച് കേരളത്തിലെ വിവിധ കാർഷിക മേഖലയിലെ കർഷകരുടെയും കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെയും അവാർഡിനുള്ള അപേക്ഷകൾ/ നാമനിർദ്ദേശ പത്രികകൾ താഴെ പറയും പ്രകാരം ക്ഷണിക്കുന്നു.

| ക്രമ നം. | അവാർഡിന്റെ പേര് | | സമ്മാനത്തിന്റെ വിശദാംശം |
|---|---|---|---|
| **സംസ്ഥാനതല അവാർഡുകൾ – പൊതു വിഭാഗം** | | | |
| 1 | മികച്ച കൃഷിഭവനുള്ള വി.വി രാഘവൻ മെമ്മോറിയൽ അവാർഡ് | | 5 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 2 | മിത്രാനികേതൻ പത്മശ്രീ ശ്രീ. കെ വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ് | | 5 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 3 | മികച്ച ജൈവകൃഷി നടത്തുന്ന ആദിവാസി ഊരു്. | ഒന്നാം സ്ഥാനം | 3 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 4 | സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് | | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 5 | കേരകേസരി | | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 6 | മികച്ച ജൈവകർഷകൻ | | 2 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 7 | കൃഷി നടത്തുന്ന മികച്ച റെസിഡൻസ് അസോസിയേഷൻ | ഒന്നാം സ്ഥാനം | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | 50,000/-രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | | മൂന്നാം സ്ഥാനം | 25,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 8 | യുവകർഷക | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 9 | യുവകർഷകൻ | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 10 | ഹരിത മിത്ര | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 11 | കർഷകജ്യോതി | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 12 | പൈതൃക കൃഷി/വിത്ത് സംരക്ഷണം/ വിളകളുടെ സംരക്ഷണം പ്രവർത്തനം നടത്തുന്ന ആദിവാസി ഊര്. | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 13 | ഹൈടെക് കർഷകൻ | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 14 | മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനം | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 15 | മികച്ചതേനീച്ച കർഷകൻ | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 16 | കർഷകഭാരതി | | |
| | a) അച്ചടി മാധ്യമം | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | b) ദൃശ്യ മാധ്യമം | | 1 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | c) നവ മാധ്യമം | | 50,000/- രൂപ , ഫലകം, സർട്ടിഫിക്കറ്റ് |
| 17 | കർഷകതിലകം (വനിത) | | 50,000/-രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 18 | ശ്രമശക്തി | | 50,000/-രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 19 | ക്ഷോണിസംരക്ഷണ | | 50,000/-രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 20 | മികച്ച കൂൺ കർഷകൻ | | 50,000/- രൂപ , ഫലകം, സർട്ടിഫിക്കറ്റ് |
| 21 | Award to best jackfruit processor / other value addition (individual/group) | | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |

| | | |
|---|---|---|
| 22 | Best innovation Award | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 23 | Award to best exporter individual/group based on export statistics | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 24 | മികച്ച കൃഷിക്കൂട്ടം | |
| | a) ഉൽപ്പാദന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | b) സേവന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | c) മൂല്യവർദ്ധിത മേഖലയിലെ മികച്ച കൃഷിക്കൂട്ടം | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 25 | മികച്ച പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS) | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 26 | കർഷകതിലകം (സ്കൂൾ വിദ്യാർത്ഥിനി) | 25,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 27 | കർഷക പ്രതിഭ (സ്കൂൾ വിദ്യാർത്ഥി) | 25,000/-രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 28 | മികച്ചഹയർ സെക്കന്ററി സ്കൂൾ കർഷക പ്രതിഭ | 25,000/- രൂപ ഫലകം, സർട്ടിഫിക്കറ്റ് |
| 29 | മികച്ച കലാലയ കർഷക പ്രതിഭ | 25,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 30 | Award to best post harvest intervention to farmer / organisation /FPO | 25,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 31 | മികച്ച കാർഷിക ഗവേഷകൻ | ഫലകം, സർട്ടിഫിക്കറ്റ് |
| 32 | മികച്ച ഫാം ഓഫീസർ | ഫലകം, സർട്ടിഫിക്കറ്റ് |

**സംസ്ഥാനതല അവാർഡുകൾ – പച്ചക്കറി പദ്ധതി**

| | | | |
|---|---|---|---|
| 33 | മികച്ച വിദ്യാഭ്യാസ സ്ഥാപനം | ഒന്നാം സ്ഥാനം | 75,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | | മൂന്നാം സ്ഥാനം | 25,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 34 | മികച്ച ക്ലസ്റ്റർ | ഒന്നാം സ്ഥാനം | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 35 | മികച്ച ട്രൈബൽ ക്ലസ്റ്റർ | ഒന്നാം സ്ഥാനം | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | 25,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| | | മൂന്നാം സ്ഥാനം | 15,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 36 | മികച്ച മട്ടുപ്പാവ് കൃഷി | ഒന്നാം സ്ഥാനം | 50,000/- രൂപ, ഫലകം, സർട്ടിഫിക്കറ്റ് |
| 37 | മികച്ച പൊതു മേഖല സ്ഥാപനം | ഒന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | രണ്ടാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| | | മൂന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |
| 38 | മികച്ച സ്വകാര്യ മേഖല സ്ഥാപനം | ഒന്നാം സ്ഥാനം | ഫലകം, സർട്ടിഫിക്കറ്റ് |

**സംസ്ഥാനതല അവാർഡുകൾ – ജൈവ കൃഷി**

| | | | |
|---|---|---|---|
| 39 | ജൈവ കാർഷിക | ഒന്നാം സ്ഥാനം | 5 ലക്ഷം രൂപ, ഫലകം, സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | നിയോജക മണ്ഡലം | | |
| **സംസ്ഥാനതല അവാർഡുകൾ – വിജ്ഞാന വ്യാപന (എക്സ്റ്റൻഷൻ) പ്രവർത്തകൻ** | | | |
| 40 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ – ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം | | ഫലകം, സർട്ടിഫിക്കറ്റ് |
| 41 | കൃഷി ഓഫീസർ – ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം, മൂന്നാം സ്ഥാനം | | ഫലകം, സർട്ടിഫിക്കറ്റ് |
| 42 | കൃഷി അസിസ്റ്റന്റ്– ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം, മൂന്നാം സ്ഥാനം | | ഫലകം, സർട്ടിഫിക്കറ്റ് |

**അവാർഡുകളുടെ മാനദണ്ഡങ്ങൾ അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. താഴെ പറയുന്ന നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.**

- കേരളത്തിൽ സ്ഥിര താമസക്കാരായ പൗരന്മാരാണ് അവാർഡിന് നോമിനേഷൻ സമർപ്പിക്കുന്നതിന് യോഗ്യരായിട്ടുള്ളത്.
- അവാർഡ് വർഷത്തിൽ ഒരു തവണയാണ് നൽകുന്നത്.
- മുൻ വർഷത്തേ അവാർഡ് ജേതാക്കൾ നടപ്പ വർഷത്തെ അവാർഡിന് അർഹരായിരിക്കുകയില്ല.
- പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി ചെയ്യുന്ന പൊതു /സ്വകാര്യസ്ഥാപനങ്ങൾക്ക് അവാർഡിന് അപേക്ഷിക്കാവുന്നതാണ്.
- കൃഷി ഭവനുകൾക്കും പഞ്ചായത്തുകൾക്കും മികച്ച കർഷകരെ അവാർഡിനായി നോമിനേറ്റ് ചെയ്യാവുന്നതാണ്.
- അവാർഡ് പ്രചാരണ നോട്ടീസുകൾ എല്ലാ കൃഷി ഭവൻ, പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നീ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.
- സംസ്ഥാനതല അവാർഡ് നോമിനേഷനായി ജില്ലാതലത്തിൽ ഒരു വിഭാഗത്തിൽ നിന്നും മികച്ച ഒരു നോമിനേഷൻ മാത്രമേ നൽകാവു . അപേക്ഷകൻ കൃഷിയിടം തികച്ചും ശാസ്ത്രീയമായും, കീട/രോഗ വിമുക്തമായും പരിപാലിക്കുന്നതാണെന്ന് ജില്ലാതല കമ്മിറ്റി ഉറപ്പ വരുത്തേണ്ടതാണ്.
- അവാർഡ് അപേക്ഷയോടൊപ്പം കൃഷിയിടത്തിന്റെ ഫോട്ടോകൾ , കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച സീഡി , മാധ്യമങ്ങളിൽ വന്ന വാർത്തകൾ , മറ്റ് അനുബന്ധ രേഖകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ് .
- അപേക്ഷകന്റെ പൂർണ്ണമായ പേര്, പൂർണ്ണമായ മേൽവിലാസം, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
- ജില്ലകളിൽ നിന്നും ശുപാർശ ചെയ്യുന്ന അപേക്ഷകളിൽ അപേക്ഷകന്റെ ഫോട്ടോ 3 കോപ്പി കൂടി ഉൾപ്പെടുത്തേണ്ടതാണ്.
- നാമനിർദ്ദേശം ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പത്രങ്ങളിൽ പരസ്യം ചെയ്യുകയും ജില്ലാതല, പഞ്ചായത്തുതല കാർഷിക വികസന സമിതികളിൽ ചർച്ച ചെയ്യേണ്ടതുമാണ്.
- ഓരോ വിഭാഗത്തിലും മത്സരിക്കുന്നവർ നിശ്ചിത ഫാറത്തിൽ നിശ്ചിത തീയതിക്കു മുമ്പ് അപേക്ഷ നൽകേണ്ടതാണ് . വിശദ വിവരങ്ങൾ കൃഷിഡയറക്ടറുടെ വെബ്സൈറ്റിൽ ലഭ്യമാണ് ( www.karshikakeralam.gov.in )
- അപേക്ഷകൾ **07.07.2023** വരെ കൃഷിഭവനുകളിൽ സ്വീകരിക്കുന്നതായിരിക്കും.

- കൃഷിഭവനുകൾക്കും പഞ്ചായത്തിനും കർഷകരെ അവാർഡിനായി നാമനിർദ്ദേശം നൽകാവുന്നതാണ്.
- അപേക്ഷകൾ/നാമനിർദ്ദേശങ്ങൾ **07.07.2023** വരെ കൃഷിഭവനിൽ സ്വീകരിക്കേണ്ടതാണ്. അപേക്ഷകൾ പ്രഥമ പരിശോധനയ്ക്ക് ശേഷം (അതായത് വിളകളുടെ ഉല്പാദനം, ഇനം എന്നിവ രേഖപ്പെടുത്തി) കൃഷി ഓഫീസറുടെ ശുപാർശയോടെ **11.07.2023** വരെ ജില്ലാതല അവാർഡ് കമ്മിറ്റി കൺവീനർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ ) അയച്ചുകൊടുക്കേണ്ടതാണ്. ജില്ലാതല അവാർഡ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ **15.07.2023** ന് മുമ്പായി കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- കർഷകഭാരതി അവാർഡിനുള്ള അപേക്ഷകൾ (ക്രമനം.16) പി.ഐ.ഒ, എഫ്.ഐ.ബിയ്ക്ക് **11.07.2023** ന് മുമ്പ് ലഭിക്കത്തക്ക വിധം അയച്ചുകൊടുക്കേണ്ടതാണ് .
- ക്ഷോണി സംരക്ഷണ (ക്രമനം.19) അപേക്ഷകൾ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ പരിശോധിച്ച് ജില്ലാതല കമ്മിറ്റി കൺവീനർക്ക് (പ്രിൻസിപ്പൽ കൃഷി ഓഫീസർ ) **11.07.2023** ന് മുമ്പായി അയച്ചു കൊടുക്കേണ്ടതുമാണ് . ജില്ലാതല അവാർഡ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി **15.07.2023** ന് മുമ്പായി അപേക്ഷകൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ് .
- ക്രമനമ്പർ 31 (മികച്ച കാർഷിക ഗവേഷകൻ) നുള്ള അപേക്ഷ **11.07.2023** ന് മുമ്പായി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റിയുടെ ശുപാർശയോടു കൂടി അപേക്ഷകൾ **15.07.2023** നു മുമ്പായി കൃഷി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- ഏറ്റവും നല്ല യുവകർഷകൻ /യുവകർഷക-യ്ക്കുള്ള അപേക്ഷ 20-35 നും മദ്ധ്യേ പ്രായമുള്ളവരിൽ നിന്നും ക്ഷണിക്കേണ്ടതാണ് . വയസ്സ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ **07.07.2023** ന് മുമ്പായി കൃഷി ഭവനിൽ സമർപ്പിക്കേണ്ടതാണ്.
- പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ദിനപത്രങ്ങൾ , ആകാശവാണി എന്നിവയിലൂടെ പരസ്യം നൽകേണ്ടതാണ്.
- ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രധാനപ്പെട്ട ദിനപ്പത്രങ്ങൾ , ആകാശവാണി എന്നിവയിലൂടെ പരസ്യം നൽകേണ്ടതാണ്.
- കിസാൻ കൃഷിദീപം- IITMK, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ നൂറുമേനി , ഞാറ്റുവേല, കാർഷിക വാർത്തകൾ, കുട്ടനാട് എഫ്.എം എന്നീ പരിപാടികളിലൂടെയും സാമൂഹ്യ മാധ്യമങ്ങൾ വഴിയും അവാർഡിനെപ്പറ്റി പരസ്യം നൽകേണ്ടതാണ്.
- ജില്ലാതലത്തിൽ അവാർഡ് നിർണ്ണയിക്കുന്നതിനായി ഒരു ജില്ലാതല അവാർഡ് കമ്മിറ്റി മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
- പ്രധാനമായും 2022-23 വർഷത്തെ വ്യക്തികളുടെയും, സമിതികളുടെയും കാർഷികപ്രവർത്തനങ്ങൾ ആണ് വിലയിരുത്തേണ്ടത്.
- സ്ഥലപരിശോധന നടത്തിയതിനുശേഷം പരിശോധന നടന്ന തീയതി , കമ്മിറ്റിയിലുണ്ടായിരുന്ന അംഗങ്ങളുടെ വിശദ വിവരങ്ങൾ , ജില്ലാതല കമ്മിറ്റിയുടെ റിപ്പോർട്ട് ശുപാർശ എന്നിവ അപേക്ഷയോടൊപ്പം സ്റ്റേറ്റ് ലെവൽ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാതല കമ്മിറ്റിയുടെ ശുപാർശ ഇല്ലാത്ത അപേക്ഷകൾ സ്റ്റേറ്റ് ലവൽ കമ്മിറ്റി സ്വീകരിക്കുന്നതല്ല.
- ഓരോ അവാർഡിനും ഏറ്റവും അർഹമായ ഒരു അപേക്ഷ മാത്രം ഓരോ ജില്ലയിൽ നിന്നും സ്റ്റേറ്റ് ലെവൽ കമ്മിറ്റിയ്ക്ക് **15.07.2023** ന് മുമ്പ് സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
- സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം നടത്തിയ ക്രോപ്പ് കട്ടിംഗ് സർവ്വേ റിപ്പോർട്ടിന്റെ റിസൾട്ട് (കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയതും ജില്ലാ കൃഷി ഓഫീസർ മേലൊപ്പുവച്ചതും ) എല്ലാ നെൽകതിർ അവാർഡ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- വിവിധ അവാർഡുകൾക്ക് ഏറ്റവും മികച്ച കർഷകരെ കണ്ടെത്തുന്നതിന് ആത്മ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ് . അപേക്ഷ ലഭിക്കാതെ തന്നെ ജില്ലയിലെ മികച്ച കർഷകരെ കണ്ടെത്തി നോമിനേറ്റ് ചെയ്യാവുന്നതാണ്. .
- ഈ വിവരങ്ങൾ എല്ലാ കൃഷിഭവനുകളിലും താങ്കളുടെ ജില്ലയിൽ ജോലി ചെയ്യുന്ന ഓഫീസർമാർക്കും അയച്ചു കൊടുക്കേണ്ടതാണ് . എല്ലാ ഉദ്യോഗസ്ഥന്മാർക്കും ആവശ്യമായ അപേക്ഷകൾ ശേഖരിക്കാൻ വേണ്ട നിർദ്ദേശം നൽകേണ്ടതാണ്.

| | |
|---|---|
| **അവാർഡിന്റെ അപേക്ഷ സമർപ്പിക്കേണ്ട ഓഫീസിന്റെ പേര്** | **കൃഷി ഭവൻ** |
| **കൃഷി ഭവനിൽ അപേക്ഷ ലഭിക്കേണ്ട അവസാന തീയതി** | **07.07.2023** |
| **ജില്ലാതല കമ്മിറ്റിക്ക് അപേക്ഷ ലഭിക്കേണ്ട അവസാന തീയതി** | **11.07.2023** |
| **കൃഷി ഡയറക്ടറേറ്റിൽ ലഭിക്കേണ്ട അവസാന തീയതി** | **15.07.2023** |
| **ജില്ലയിൽനിന്നും ലഭിച്ച അപേക്ഷകളുടെ ക്രോഡീകരണം – കൃഷി ഡയറക്ടറേറ്റ് അവാർഡ് സെൽ** | **19.07.2023** |
| **സബ്കമ്മിറ്റികളുടെ യോഗം – അവാർഡിനായി ജില്ലയിൽ നിന്നും ലഭിച്ച ക്രോഡീകരിച്ച ലിസ്റ്റ് സബ്കമ്മിറ്റികൾക്ക് ലഭ്യമാക്കൽ** | **22.07.2023** |
| **അവാർഡ് നിർണ്ണയ സബ്കമ്മിറ്റികളുടെ ഫീൽഡ് സന്ദർശനം** | **24.07.2023 മുതൽ 02.08.2023 വരെ** |
| **സബ്കമ്മിറ്റികളുടെ റിപ്പോർട്ട് ക്രോഡീകരണം** | **07.08.2023** |
| **സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ യോഗം – സബ്കമ്മിറ്റികളുടെ സ്ഥലപരിശോധന റിപ്പോർട്ട് അവതരണവും അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കലും** | **08.08.2023** |

- **<u>ജില്ലാ തല അവാർഡ് കമ്മിറ്റി</u>**

എല്ലാ അവാർഡുകളുടെയും ഫീൽഡ്തല പരിശോധനക്കു വേണ്ടി ജില്ലാതലത്തിൽ ഒരു അവാർഡ് കമ്മിറ്റി രൂപീകരിക്കുന്നതാണ്. കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരം ആണ്.

ചെയർമാൻ – പ്രിൻസിപ്പൽ കൃഷി ഓഫീസർ
കൺവീനർ – കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഇ&റ്റി)
അംഗങ്ങൾ –

- മൃഗ സംരക്ഷണ വകുപ്പ് പ്രതിനിധി
- കേരള കാർഷിക സർവകലാശാല / കെ.വി.കെ പ്രതിനിധി
- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രതിനിധി
- പ്രോജക്ട് ഡയറക്ടർ, ആത്മ
- ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ വകുപ്പ്
- ഡെപ്യൂട്ടി ഡയറക്ടർ (ഡബ്ള്യു .എം)
- അതാത് ബ്ലോക്കുകളിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ

- **<u>സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റി</u>**

സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്.

ചെയർമാൻ - കാർഷികോത്പാദന കമ്മീഷണർ
കൺവീനർ - കൃഷി ഡയറക്ടർ

**Members**

1. The Director Research, Kerala Agricultural University, Vellanikkara, Thrissur
2. The Director of Extension, Extension Communication Centre, Kerala Agricultural University, Mannuthy, Thrissur
3. The Director, SHM
4. The Director, Department of Economics and Statistics, Vikas Bhavan, Trivandrum
5. Director, Soil Conservation and Soil Survey Department,
6. The Director, CTCRI, Sreekaryam, Trivandrum
7. The Director, CPCRI, Kasargode
8. The Director, Animal Husbandry Department, Vikas Bhavan, Trivandrum
9. Dean, College of Agriculture, Vellayani
10. Chief Agriculture, State Planning Board
11. Additional Director of Agriculture (Extn), Directorate of Agriculture, Trivandrum
12. Addtional Director of Agriculture (Farms and Biogas)
13. State level representative of educational institution.
14. Additional Director of Agriculture (Marketing)
15. Director, SAMETI
16. State Agricultural Engineer, Directorate of Agriculture, Trivandrum
17. Principal Information Officer, FIB
18. Additional Director, SFAC
19. CEO, Horticorp
20. Joint Director of Agriculture (AR&T)
21. Deputy Director of Agriculture, Organic Farming Cell
22. Deputy Director of Agriculture, IT Cell

സംസ്ഥാനതല അവാർഡ് നിർണ്ണയ കമ്മിറ്റിയെ സഹായിക്കുന്നതിലേക്കായി സബ് കമ്മിറ്റികൾ പ്രവർത്തിക്കുന്നതാണ്. ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകി വരുന്ന അവാർഡുകൾക്ക് നിലവിലുള്ള കമ്മിറ്റി തുടരുന്നതാണ്. ഉദ്യോഗസ്ഥർക്കുള്ള അവാർഡ് നിർണ്ണയിക്കുന്നതിന് ഒരു സബ്കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്. ഓരോ സബ്കമ്മിറ്റിയിലെയും അംഗങ്ങളെ സംസ്ഥാനതല അവാർഡ് കമ്മിറ്റി / കൃഷി ഡയറക്ടർ നോമിനേറ്റ് ചെയ്യുന്നതാണ്. ജില്ലാതലത്തിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധന നടത്തി അവാർഡ് നിർണ്ണയിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത് സബ്കമ്മിറ്റികളുടെ ഉത്തരവാദിത്തമാണ്. സബ്കമ്മിറ്റിയുടെ കൺവീനർമാരെ കൃഷി ഡയറക്ടർ നാമനിർദ്ദേശം ചെയ്യുന്നതായിരിക്കും.

ജില്ലാതല അവാർഡ്ല കമ്മിറ്റി കൃഷിയിടം സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തണം. മാനദണ്ഡങ്ങൾ പ്രകാരം ജില്ലാതലത്തിൽ 1–ാം സ്ഥാനത്തിനു യോഗ്യതയുള്ളവരെ സംസ്ഥാനതല അവാർഡിന് ശുപാർശ ചെയ്യാവുന്നതാണ്.

വിശ്വസ്തതയോടെ

**ANJU K S IAS**
**DIRECTOR**

1/7/2023

...ant Director of Agriculture (AR & T)
Directorate of Agriculture,
Vikas Bhavan, Thiruvananthapuram

പകർപ്പ്

1. പി.ഐ.ഒ, എഫ്.ഐ.ബി (ആകാശവാണി ദൂരദർശൻ, പത്രങ്ങൾ എന്നിവയ്ക്ക് പരസ്യം നൽകുന്നതിനും, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും )
2. ഡയറക്ടർ, മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പ് (ആമുഖ കത്ത് സഹിതം)
3. ഡയറക്ടർ ഓഫ് റിസർച്ച്(കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര)
4. ഡയറക്ടർ, SHM
5. അഡീഷണൽ ഡയറക്ടർ(മണ്ണ് സംരക്ഷണം, തിരുവനന്തപുരം.)
6. ഡയറക്ടർ, സിപിസിആർഐ, സിറ്റിസിആർഐ (ആമുഖ കത്ത് സഹിതം)
7. കിസാൻ III റ്റിഎംകെ (പരസ്യം നൽകുന്നതിനായി)
8. ഡയറി ഡിപ്പാർട്ട്മെന്റ് ഡയറക്ടർ (ആമുഖ കത്ത് സഹിതം)
9. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
10. ഐ.റ്റി. സെൽ, വെബ്സൈറ്റ് പബ്ലിഷിംഗിന് വേണ്ടി
11. സ്റ്റോക്ക് ഫയൽ/അധികം.

/108566/2023

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

**അനുബന്ധം - 1**

**ഓരോ അവാർഡിന്റെയും മാനദണ്ഡങ്ങൾ - 2023-24**

I) പൊതു വിഭാഗം അവാർഡുകൾ

| നം. | അവാർഡിന്റെ പേര് | മാനദണ്ഡങ്ങൾ |
|---|---|---|
| 1 | മിത്രാനികേതൻ പത്മശ്രീ ശ്രീ. കെ വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ | ഏറ്റവും നല്ല ഗ്രൂപ്പ് ഫാമിംഗ് സമിതി<br><br>1. ചാരിറ്റബിൾ സൊസൈറ്റി ആക്ട് (1955-തിരുവിതാംകൂർ കൊച്ചി) അനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കണം.<br><br>2. നാമനിർദ്ദേശ തീയതി മുതൽ ചുരുങ്ങിയത് ഒരു വർഷത്തിനു മുമ്പെങ്കിലും രജിസ്റ്റർ ചെയ്തിരിക്കണം.<br><br>3. കാർഷിക മുറകളിലുള്ള കൂട്ടായ്മ.<br><br>ഇവക്കു പുറമെ അപേക്ഷിക്കുന്ന പാടശേഖരസമിതികൾ കരനെൽക്കൃഷിയും, തരിശു നിലക്കൃഷിയും നടപ്പിലാക്കിയിരിക്കണം. കൃഷി ഭവനും ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പും സംയുക്തമായി നടത്തിയ ക്രോപ് കട്ടിംഗ് ഡേറ്റാ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. കൃഷിയെ സംബന്ധിച്ച പ്രവർത്തനങ്ങൾ രേഖപ്പെടുത്തി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം. |
| 2 | സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ | ഏറ്റവും മികച്ച കർഷകൻ<br><br>1. കൃഷിയും അനുബന്ധ മേഖലകളിലും പരമാവധി ഉൽപ്പാദനം<br><br>2 . സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്. |
| | | ഏറ്റവും മികച്ച യുവ കർഷക / യുവ കർഷകൻ<br><br>1. കൃഷിയും അനുബന്ധമേഖലകളിലും ഉള്ള പ്രവർത്തനം<br><br>2. അപേക്ഷകന് 20 നും 35 നും ഇടയിൽ പ്രായം. 35 വയസ്സ് കവിയാൻ പാടില്ല (31.03.23) ൽ 35 വയസ്സ് കവിയാൻ പാടില്ല). പ്രായം തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ |

| | | |
|---|---|---|
| 3,4 | യുവകർഷക / യുവകർഷകൻ | പകർപ്പ് സമർപ്പിക്കണം.<br><br>3. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/ അച്ഛൻ/ അമ്മ/ മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br><br>4 . പാട്ടകൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |
| 5 | കേരകേസരി | ഏറ്റവും മികച്ച തെങ്ങു കർഷകൻ<br><br>1. വ്യക്തികളെ മാത്രം പരിഗണിക്കുന്നു. സ്ഥാപനങ്ങളെ<br><br>പരിഗണിക്കുന്നതല്ല.<br><br>2. നാമനിർദ്ദേശ തീയതി മുതൽ പുറകോട്ട് ഒരു വർഷമെങ്കി ലും തെങ്ങിൻതോട്ടം അപേക്ഷകന്റെ ഉടമസ്ഥതയിലായി രിക്കണം.<br><br>3. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/ അച്ഛൻ /അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br><br>4. ജൈവവളം, പച്ചിലവളം എന്നിവ സ്വന്തമായി ഉത്പാദിപ്പിക്കുന്ന കർഷകന് മുൻഗണന. |
| 6 | ഹരിതമിത്ര | ഏറ്റവും മികച്ച പച്ചക്കറി കർഷകൻ<br><br>1 . ഹൈടെക്, പ്രൊട്ടക്ടഡ് കൃഷി രീതികൾ അവലംബിക്കുന്ന കർഷകനെ പരിഗണിക്കേണ്ടതില്ല.<br><br>2. കുറഞ്ഞത് 5 ഇനം പച്ചക്കറി എങ്കിലും കൃഷി ചെയ്തിരിക്കണം.<br><br>3. കുറഞ്ഞത് 50 സെന്റിൽ പച്ചക്കറി കൃഷി ചെയ്തിരിക്കണം<br><br>4 . സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ |

| | | |
|---|---|---|
| | | അവാർഡിനായി പരിഗണിക്കാവുന്നതുമാണ്. |
| 7 | കർഷക ജ്യോതി | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഏറ്റവും നല്ല കർഷകൻ<br><br>1 . സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br><br>2 . പാട്ടക്കൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |
| 8 | കർഷകതിലകം<br><br>(വനിത) | മികച്ച കർഷക വനിത<br><br>1 . അപേക്ഷക തന്നെ കാർഷിക മുറകൾ കൈകാര്യം ചെയ്തിരിക്കണം.<br><br>2 . സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/ അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്. |
| 9 | ശ്രമശക്തി | ഏറ്റവും മികച്ച കർഷകതൊഴിലാളി<br><br>1. 5 വർഷം സ്ഥിരമായി മറ്റ് കർഷകർക്ക വേണ്ടി കർഷക<br><br>തൊഴിലാളിയായി പ്രവർത്തിച്ചിരുന്നു എന്ന് കൃഷി ഓഫീസറുടെ സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br><br>2. നൂതന യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള കഴിവ്<br><br>പരിഗണിക്കാവുന്നതാണ്.<br><br>3. സ്വന്തം കൃഷിയിടത്തിലെ അധ്വാനം പരിഗണിക്കുന്നതല്ല. |
| | | മികച്ച മണ്ണ് സംരക്ഷണ പ്രവർത്തനം ചെയ്യുന്ന കർഷകൻ<br><br>1. കുറഞ്ഞത് 5 വർഷമെങ്കിലും മണ്ണ സംരക്ഷണ പ്രവർത്തനങ്ങൾ തുടർച്ചയായി സ്വന്തം കൃഷി ഭൂമിയിൽ |

| | | |
|---|---|---|
| 10 | ക്ഷോണി സംരക്ഷണം | ചെയ്തിരിക്കണം. ഈ കാലയളവിൽ സ്ഥലം കൈമാറുകയോ വിൽക്കുകയോ ചെയ്യാൻ പാടുള്ളതല്ല.<br><br>2. ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡിനായി നല്ല പ്രവർത്തനങ്ങൾ പരിഗണിക്കുന്നതാണ്.<br><br>3. കൃഷിയിടങ്ങളിലെ പ്രവർത്തനങ്ങൾ ചെലവ് കുറഞ്ഞതും പരിസ്ഥിതിക്ക് തുണ ആയതു്. മറ്റു കർഷകർക്കു അനുവർത്തിക്കാവുന്നതുമായിരിക്കണം. |
| 11 | കർഷകഭാരതി | മികച്ച മാധ്യമ പ്രവർത്തകൻ<br><br>1. അച്ചടി, ദൃശ്യ, നവ മാധ്യമങ്ങൾ വഴി മലയാള ഭാഷയിലൂടെ കാർഷിക മേഖലക്ക് വിലപ്പെട്ട സംഭാവനകൾ നൽകുന്ന വ്യക്തി.<br><br>2. നാമനിർദ്ദേശ തീയതി മുതൽ പുറകോട്ട് ഒരു വർഷത്തിനകം പ്രസിദ്ധീകരിച്ച ലേഖനങ്ങളും /സംപ്രേക്ഷണം ചെയ്ത വീഡിയോ / ഡോക്യുമെന്ററി മുതലായവ<br><br>3. വ്യക്തികളുടെ നാമനിർദ്ദേശം മാത്രമേ പരിഗണിക്കുകയുള്ളൂ<br><br>4. ഗവേഷണ പ്രസിദ്ധീകരണങ്ങൾ പരിഗണിക്കുന്നതല്ല.<br><br>5. നോമിനേഷൻ ലഭിച്ചില്ലെങ്കിലും ഏറ്റവും മികച്ച ജേർണലിസ്റ്റിനെ കണ്ടെത്തണം. |
| 12 | മികച്ച ഫാം ഓഫീസർ | ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച്ച വെക്കുന്ന കൃഷി ഫാമിന്റെ ഓഫീസർ |
| 13 | മികച്ച ജൈവ കൃഷി നടത്തുന്ന ആദിവാസി ഊര് | കുറഞ്ഞത് 1 0 0 ഹെക്ടർ സ്ഥലത്തെങ്കിലും ജൈവകൃഷി ചെയ്തിരിക്കണം. പരമ്പരാഗത വിളകൾ കൃഷി ചെയ്യുന്ന ഊരിന് മുൻഗണന. |
| 14 | പൈതൃകകൃഷി/ വിത്ത് സംരക്ഷണം/ വിളകളുടെ സംരക്ഷണ പ്രവർത്തനം നടത്തുന്ന വ്യക്തി/ ഊര് | പൈതൃക കൃഷി/ വിത്ത് സംരക്ഷണം/ വിളകളുടെ സംരക്ഷണം. |
| 15 | കൃഷി നടത്തുന്ന മികച്ച റെസിഡൻസ് | ഏറ്റവും കുറഞ്ഞത് 100വീടുകളിലെങ്കിലും കൃഷി നടത്തിയിരിക്കണം. തുടർ ച്ചയായി 2 വർഷമെങ്കിലും കൃഷി |

| | | |
|---|---|---|
| | അസോസിയേഷൻ | ചെയ്യുവരായിരിക്കണം. |
| 16 | ഹൈടെക് കർഷകൻ | ഹൈടെക് കാർഷിക രീതികൾ പിൻതുടരുന്ന മികച്ച കർഷകൻ<br><br>1. ഏറ്റവും കുറഞ്ഞത് 400sq.ft പോളിഹൌസിൽ എങ്കിലും കൃഷി ചെയ്തിരിക്കണം.<br><br>2. ഏറ്റവും കുറഞ്ഞത് ഒരു വർഷമെങ്കിലും പോളിഹൌസ് കൃഷി രീതി അനുവർത്തിച്ചിരിക്കണം.<br><br>3. പച്ചക്കറി/പുഷ്പ ഫലകൃഷി ചെയ്യാവുന്നതാണ്.<br><br>4. അനുവർത്തിച്ച കൃഷിരീതി വിളവ്, ചെലവ് എന്നീ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ച കർഷകനായിരിക്കണം.<br><br>5. പങ്കെടുത്ത പരിശീലനപരിപാടികളുടെ എണ്ണം പരിഗണിക്കാവുന്നതാണ്.<br><br>6. പുതിയ സാങ്കേതിക വിദ്യ മറ്റുള്ളവരുമായി പങ്കിടുന്നതിനുള്ള താൽപര്യം പരിഗണിക്കുന്നതാണ്.<br><br>7. ജൈവകൃഷി അനുവർത്തിക്കുന്നവർക്കു മുൻഗണന |
| 17<br><br>18 | കർഷകതിലകം/<br><br>കർഷകപ്രതിഭ<br><br>(സ്കൂൾ) | ഏറ്റവും മികച്ച കാർഷിക പ്രവർത്തനങ്ങൾ നടത്തുന്ന വിദ്യാർത്ഥിനി<br><br>ഏറ്റവും മികച്ച കാർഷിക പ്രവർത്തനം നടത്തുന്ന വിദ്യാർത്ഥി<br><br>1. കൃഷിയും അനുബന്ധ മേഖലകളിലും പരമാവധി ഉൽപ്പാദനം<br><br>2. നാമനിർദ്ദേശ തീയതി മുതൽ പുറകോട്ടുള്ള ഒരു വർഷത്തിനകമുള്ള കാർഷിക പ്രവർത്തികൾ<br><br>3. അപേക്ഷക/അപേക്ഷകൻ തന്നെ കാർഷിക മുറകൾ കൈകാര്യം ചെയ്തിരിക്കണം.<br><br>4. സ്വന്തമായി കൃഷി ഭൂമി ഇല്ലെങ്കിലും ഭാര്യ/ഭർത്താവ്/ അച്ഛൻ/അമ്മ/മക്കൾ ഇവരുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ കൃഷി ചെയ്യാവുന്നതും, കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രവും കൂടിയ അപേക്ഷ അവാർഡിനായി പരിഗണിക്കാവുന്നതുമാണ്.<br><br>5. പാട്ടക്കൃഷി ചെയ്യുന്ന അപേക്ഷകനെയും പരിഗണിക്കാം. ഇതുമായി ബന്ധപ്പെട്ട രേഖകൾ അപേക്ഷയോടൊപ്പം |

| | | |
|---|---|---|
| | | സമർപ്പിക്കേണ്ടതാണ്.<br><br>6. സ്കൂളുകളിൽ നിന്നുള്ള സാക്ഷ്യപത്രം<br><br>7. സ്കൂൾ കോമ്പൌണ്ടിലും, വീട്ടുവളപ്പിലും കൃഷിയിലുള്ള സജീവ പങ്കാളിത്തം, കൃഷിയിലുള്ള അറിവ്, പരിചയം, എന്നിവ പരിഗണിക്കാവുന്നതാണ്. |
| 19 | മികച്ച ഹയർ സെക്കന്ററി സ്കൂൾ<br><br>കർഷക പ്രതിഭ | സ്വന്തമായി ആധുനിക കൃഷി രീതികളും ശാസ്ത്രീയ കൃഷി രീതികളും അവലംബിച്ച് കൃഷി ചെയ്യുന്ന 12-ാം ക്ലാസ്സ് വിദ്യാർത്ഥി |
| 20 | മികച്ച കോളേജ്<br><br>കർഷക പ്രതിഭ | സ്വന്തമായി ആധുനിക കൃഷി രീതികളും ശാസ്ത്രീയ കൃഷി രീതികളും അവലംബിച്ച് കൃഷി ചെയ്യുന്ന കോളേജ് വിദ്യാർത്ഥി |
| 21 | ജൈവകർഷകൻ | മികച്ച ജൈവകർഷകൻ<br><br>1 . രാസവളങ്ങൾ/രാസകീടനാശിനികൾ എന്നിവ ഉപയോഗിക്കാതെ കൃഷി ചെയ്തിരിക്കണം.<br><br>2 . ഭക്ഷ്യവിളകൾ ഉൾപ്പെടെ സമ്മിശ്രകൃഷി രീതിയിലൂടെ നടപ്പാക്കുന്ന കൃഷിസമ്പ്രദായം അനുവർത്തിച്ചിരിക്കണം .<br><br>3. മണ്ണ്, ജലസംരക്ഷണ മാർഗ്ഗങ്ങൾ ഉറപ്പാക്കുന്ന കർഷകൻ<br><br>4 . ജൈവവൈവിധ്യ സംരക്ഷണം , ഇക്കോളജിക്കൽ എഞ്ചിനീയറിംഗ് തുടങ്ങിയവ കൃഷിയിടത്തിൽ കൃത്യമായി നടപ്പിലാക്കിയിരിക്കണം.<br><br>5 . സ്വന്തം കൃഷിയിടത്തിൽ കമ്പോസ്റ്റ്, പച്ചിലവളം എന്നിവ ഉത്പാദിപ്പിക്കുന്ന കർഷകൻ<br><br>6 . ജൈവ കൃഷിക്കാവശ്യമായ കാലിവളം ലഭിക്കുന്നതിന് കന്നുകാലി വളർത്തൽ, ആട്ട വളർത്തൽ തുടങ്ങിയ സംരഭങ്ങൾ നടപ്പിലാക്കിയിരിക്കണം..<br><br>7 . ജൈവകൃഷിയിൽ നിന്നുള്ള ഉല്പന്നങ്ങൾ പ്രത്യേകമായി പാക്കിംഗ്, ലേബലിംഗ് നടത്തിയുള്ള വിപണനം ചെയ്യുന്നവരായിരിക്കണം . |

| | | |
|---|---|---|
| | | 8 . ജൈവവളം, ജീവാണുവളം ജൈവകീടനാശിനികൾ എന്നിവ ഉപയോഗിച്ച് ലാഭകരമായി കൃഷി ചെയ്യുന്നവരായിരിക്കണം. |
| 22 | മികച്ചതേനീച്ച കർഷകൻ | കേരളത്തിനകത്ത് തേനീച്ച വളർത്തുന്ന കർഷകൻ, തേനീച്ചകളുടെ ഇനങ്ങൾ, ഉൽപ്പന്നത്തിന്റെ അളവ്, പ്രവർത്തന വൈവിധ്യം എന്നിവയിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന കർഷകൻ . |
| 23 | മികച്ച കൂൺ കർഷകൻ | സംസ്ഥാനത്തിനകത്ത് വിപുലമായ രീതിയിൽ കൂൺ കൃഷി നടത്തി നല്ല രീതിയിൽ വിപണനം നടത്തുന്ന കർഷകൻ. |
| 24 | Award to best jackfruit processor/other value addition (individual/ group) | ചക്കയുടെ സംസ്കരണ രീതികളുടെ കണ്ടെത്തൽ, പ്രചരണം, സംസ്കരണ രീതികളുടെ വൈവിധ്യം, ഉൽപ്പന്നങ്ങളുടെ വൈവിധ്യം, വിപണനം. |
| 25 | Best innovation Award | കാർഷിക മേഖലക്കും കർഷകർക്കും ഉപകാരപ്രദമായ കണ്ടുപിടിത്തം നടത്തിയ കർഷകൻ, അവയുടെ പ്രയോഗം, ഗുണഫലങ്ങൾ എന്നിവ പരിഗണിക്കും . |
| 26 | Award to best exporter individual/group based on export statistic | കേരളത്തിനകത്തെ കർഷകരിൽ നിന്നും നേരിട്ട് പഴം, പച്ചക്കറി എന്നിവ സംഭരിച്ച് കേരളത്തിലെ Sea Port/Air Port മുഖേന മറ്റു രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്ന വ്യക്തി/ഗ്രൂപ്പ്. |
| 27 | Award to best post harvest intervention to farmer / organisation / FPO | കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് തരംതിരിച്ച്/ഗ്രേഡ് ചെയ്ത് സൂക്ഷിച്ച് വിപണനം നടത്തുന്ന വ്യക്തി./ഗ്രൂപ്പ്. |
| 28 | മികച്ച കാർഷിക ഗവേഷകൻ | മികച്ച കൃഷി ശാസ്ത്രജ്ഞൻ<br><br>1. കൃഷി ശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന സംസ്ഥാനത്തിലെ KAU/ICAR സ്ഥാപനത്തിലെ ശാസ്ത്രജ്ഞൻ.<br><br>2 . ഗവേഷണ ഫലങ്ങൾ ആനുകാലിക പ്രധാന്യമുള്ളതും കൃഷിയിടങ്ങളിൽ കർഷകൻ അനുവർത്തിക്കുന്നതുമായിരിക്കണം. (% of adoption in the field will be considered.) |

| | | |
|---|---|---|
| | | 3. സാങ്കേതിക വിദ്യകർഷകരുടെ കൃഷിയിടങ്ങളിൽ വിജയിച്ചവ ആയിരിക്കണം. |

**II) പച്ചക്കറി വിഭാഗം - അവാർഡുകൾ**

| ക്രമ നം | അവാർഡ് വിഭാഗം | മാനദണ്ഡങ്ങൾ |
|---|---|---|
| 1 | മികച്ച വിദ്യാഭ്യാസ സ്ഥാപനം | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുറഞ്ഞത് 1 0 സെന്റ് സ്ഥലത്തെങ്കിലും പച്ചക്കറി കൃഷി, മികച്ച ലേ ഔട്ട്, പച്ചക്കറി ഇനങ്ങളുടെ എണ്ണം, പുതിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം, വിളവ്, ജൈവ കാർഷിക മുറകളുടെ ഉപയോഗം, കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച രേഖകൾ, ഹരിത ക്ലബ്ബുകളുടെ പ്രവർത്തനം, വിവിധ കാർഷിക പ്രവർത്തനങ്ങളുടെ റെജിസ്റ്ററുകൾ, പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ, കൃഷിയിലുള്ള പ്രവർത്തി പരിചയത്തിന്റെ കാലയളവ്, ലഭ്യമായ വിളവ് സ്കൂൾ ഉച്ച ഭക്ഷണത്തിന് ഉപയുക്തമാക്കുന്നതിന്റെ വിശദ വിവരം. |
| 2 | മികച്ച ക്ലസ്റ്റർ | കുറഞ്ഞത് 5 ഹെക്ടറോ അതിൽക്കൂടുതലോ കൃഷി ചെയ്യുന്ന പഴയതും പുതിയതുമായ ക്ലസ്റ്ററുകൾ, കൂട്ടായ കൃഷി മുറകൾ, ജൈവ വള ഉല്പാദന യൂണിറ്റുകൾ, ജീവാണുവളവും, ജൈവ കീടനാശിനികളുടെയും ഉല്പാദനം, വിളവ്, പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ, പുതിയ സാങ്കേതി വിദ്യകളുടെ ഉപയോഗം, സംയോജിത കൃഷി മുറകൾ അനുവർത്തിക്കുക, വിപണന സൗകര്യം. |
| 3 | മികച്ച പൊതു മേഖലാ സ്ഥാപനം | കുറഞ്ഞത് 5 0 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി, മികച്ച ലേ ഔട്ട്, പച്ചക്കറി ഇനങ്ങളുടെ എണ്ണം, പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം, ജൈവ കാർഷിക മുറകളുടെ ഉപയോഗം, വിളവ്, കൃഷിയുടെ വിവിധ ഘട്ടങ്ങൾ ചിത്രീകരിച്ച രേഖകൾ, വിവിധ കാർഷിക പ്രവർത്തനങ്ങളുടെ റെജിസ്റ്ററുകൾ, പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ, കൃഷിയിലുള്ള പ്രവർത്തി പരിചയത്തിന്റെ കാലയളവ്. ലഭ്യമായ വിളവ് , ഇതിൽ നിന്നും ലഭിച്ച വരുമാനം. ജീവനക്കാരുടെ പങ്കാളിത്തം. |
| 4 | മികച്ച സ്വകാര്യ | കുറഞ്ഞത് 5 0 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി, മികച്ച ലേ ഔട്ട്, പച്ചക്കറി ഇനങ്ങളുടെ എണ്ണം, പുതിയ സാങ്കേതിക വിദ്യയുടെ ഉപയോഗം, ജൈവ കാർഷിക മുറകളുടെ ഉപയോഗം, വിളവ്, കൃഷിയുടെ വിവിധ |

| | | |
|---|---|---|
| 4 | മേഖലാ സ്ഥാപനം | ഘട്ടങ്ങൾ ചിത്രീകരിച്ച രേഖകൾ, വിവിധ കാർഷിക പ്രവർത്തനങ്ങളുടെ റെജിസ്റ്ററുകൾ, പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ, കൃഷിയിലുള്ള പ്രവർത്തി പരിചയത്തിന്റെ കാലയളവ്. ലഭ്യമായ വിളവ് , ഇതിൽ നിന്നും ലഭിച്ച വരുമാനം. ജീവനക്കാരുടെ പങ്കാളിത്തം. |
| 5 | മികച്ച മട്ടുപ്പാവ് കൃഷി | കുറഞ്ഞത് 3 വർഷമെങ്കിലും തുടർച്ചയായി മട്ടുപ്പാവിൽ പച്ചക്കറി കൃഷി നടപ്പിലാക്കിയിരിക്കണം. വൈവിധ്യങ്ങളായ സങ്കരയിനങ്ങൾ ഉൾപ്പെടെ വിവിധ ഇനങ്ങളുടെ പച്ചക്കറികൾ കൃഷി ചെയ്യണം. കുറഞ്ഞത് 100 ചട്ടി/കണ്ടെയ്നറിൽ പച്ചക്കറി കൃഷി ചെയ്യണം. ജൈവ കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ പ്രാവർത്തികമാക്കണം. പച്ചക്കറി ഉല്പാദനത്തിൽ ഓരോ വിളവെടുപ്പിലും വർദ്ധനവ് ഉണ്ടാകണം. |
| 6 | മികച്ച ട്രൈബൽ ക്ലസ്റ്റർ | കുറഞ്ഞത് 5 ഹെക്ടറോ അതിൽകൂടുതലോ കൃഷി ചെയ്യുന്ന പഴയതും പുതിയതുമായ ക്ലസ്റ്ററുകൾ, കൂട്ടായ കൃഷി മുറകൾ, ജൈവ വള ഉല്പാദന യൂണിറ്റുകൾ, ജീവാണുവളവും, ജൈവ കീടനാശിനികളുടെയും ഉല്പാദനം, വിളവ്, പത്ര/ദൃശ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ, പുതിയ സാങ്കേതി വിദ്യകളുടെ ഉപയോഗം, സംയോജിത കൃഷി മുറകൾ അനുവർത്തിക്കുക, വിപണന സൗകര്യം. |

<u>III) ജൈവകൃഷി അവാർഡുകൾ</u>

| ക്രമ നം | അവാർഡ് വിഭാഗം | മാനദണ്ഡങ്ങൾ |
|---|---|---|
| | ജൈവ കാർഷിക | • ജൈവ കൃഷി രീതിയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്നവയും, ജൈവ കൃഷിയിലേയ്ക്ക് മാറിയതുമായ നിയോജക മണ്ഡലങ്ങൾ ആണ് അവാർഡിന് പരിഗണിക്കുന്നത്.<br>• വിവിധ വിളകളുടെ ആകെ വിസ്തൃതി, ജൈവകൃഷി രീതിയിൽ കൃഷി ചെയ്യുന്ന വിസ്തൃതി എന്നിവ പരിഗണിക്കുന്നതാണ്.<br>• ജൈവ വിത്തുകൾ / നടീൽ വസ്തുക്കൾ തുടങ്ങിയവയുടെ ലഭ്യത.<br>• ഉപയോഗിക്കുന്ന ജൈവ വളങ്ങളുടെ ഇനവും അളവും അവയുടെ സ്രോതസ്സും, ജൈവ വള ഉല്പാദന യൂണിറ്റുകളുടെ എണ്ണം, അവയുടെ ഉല്പാദനക്ഷമതയും, പച്ചില വളങ്ങളുടെ ലഭ്യതയും അളവും.<br>• മൃഗസംരക്ഷണ വകുപ്പിലെ പദ്ധതികൾ, പ്രവർത്തനങ്ങൾ, കൃഷി അനുബന്ധ മേഖലയുമായി സംയോജനത്തിന്റെ രീതി. |

| | | |
|---|---|---|
| 1 | നിയോജക മണ്ഡലം | • ജൈവ മാലിന്യ പുന:സംസ്കരണം.<br>• ജൈവ സർട്ടിഫിക്കേഷൻ ലഭിച്ച കർഷകർ/ കർഷക ഗ്രൂപ്പുകളുടെ എണ്ണം.<br>• ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷക ക്ലസ്റ്ററുകൾ/ സർക്കാരിതര സംഘടനകൾ/ മറ്റു ഗ്രൂപ്പുകൾ / വ്യക്തികൾ - എന്നിവരുടെ എണ്ണം, ആകെ ഉല്പാദനം.<br>• അവാർഡു നിർണ്ണയ കാലയളവിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി നടത്തിയ കാമ്പയിനുകൾ / സെമിനാറുകൾ / മറ്റു പ്രവർത്തന പരിപാടികൾ.<br>• ത്രിതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെഉല്പാദനമേഖലയിൽ ജൈവകൃഷി പ്രോജക്ടുകൾക്കായി നീക്കിവെച്ച പദ്ധതി വിഹിതം (ശതമാനത്തിൽ), പ്രസ്തുത പദ്ധതികളുടെ എണ്ണവും നേട്ടങ്ങളും. |

**<u>IV) വിജ്ഞാന വ്യാപന അവാർഡുകൾ</u>**

അവാർഡിന് അപേക്ഷിക്കുന്ന ഉദ്യോഗസ്ഥർ തങ്ങളുടെ പ്രവർത്തന മേഖലയിൽ പ്രവർത്തന മികവ് തെളിയിച്ചിട്ടുണ്ടാകണം. ഓരോ കാറ്റഗറിയിലും അവാർഡിന് അപേക്ഷിക്കുന്ന ഉദ്യോഗസ്ഥർക്ക് അതാത് കാറ്റഗറിയിൽ നിർദ്ദേശിച്ചിട്ടുള്ള സേവനകാലം ഉണ്ടായിരിക്കണം. എക്സ്റ്റൻഷൻ പ്രവർത്തനത്തിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ചിരിക്കണം. വിജ്ഞാന വ്യാപനത്തിലും ടെക്നോളജി ട്രാൻസ്ഫറിലും പരമാവധി പ്രവർത്തന വിജയം കൈവരിച്ചിരിക്കണം. ഓരോ വിഭാഗത്തിനും അവാർഡിന് അപേക്ഷിക്കാനുള്ള മിനിമം സേവനകാലയളവ് താഴെപറയും പ്രകാരമാണ്.

| ക്രമ നം. | വിഭാഗം | സേവനകാലയളവ് (വർഷം) |
|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 3 |
| 2 | കൃഷി ഓഫീസർ | 6 |
| 3 | കൃഷി അസിസ്റ്റന്റ് | 6 |

രേഖകൾ ശരിയായി സൂക്ഷിക്കൽ, അക്കൗണ്ടിംഗ്, ഓഫീസ് മാനേജ്മെന്റ് തുടങ്ങിയവ കൂടാതെ താഴെപ്പറയുന്ന ഘടകങ്ങൾ കൂടി പരിഗണിക്കുന്നതാണ്.

- വിജ്ഞാന വ്യാപന രംഗത്ത് മികച്ച പ്രവർത്തനം
- [illegible]

- കൃഷി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നിർബന്ധമായും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ ശരിയായ നടത്തിപ്പും നേട്ടങ്ങളും
- കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പുതിയ വിജ്ഞാന വ്യാപനരീതികളും കർഷകരുമായുള്ള ഇടപെടലുകളും
- MTA മീറ്റിംഗിലെ പങ്കാളിത്തം
- നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനും കൃഷിയിലും അനുബന്ധ മേഖലയിലും ശാസ്ത്രരംഗത്തെ കണ്ടെത്തലുകൾ - നടപ്പിലാക്കിയതിന്റെ രീതികൾ
- നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കാൻ നടത്തിയ ശ്രമങ്ങൾ
- കർഷകർക്ക് പദ്ധതി നടത്തിപ്പിന് വേണ്ടി നൽകുന്ന സഹായങ്ങൾ
- ആത്മ പദ്ധതികളുടെ ശരിയായ നടത്തിപ്പ്
- നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം, തരിശുനില കൃഷി, അഗ്രോസർവ്വീസ് സെന്റർ, കാർഷിക കർമ്മസേന എന്നിവയുടെ ശരിയായ നടത്തിപ്പ്, ജൈവകൃഷി, മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ - തുടങ്ങിയവ
- കാർഷിക പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും സംയോജനം.
- ഭരണപരമായതും പൊതുജനങ്ങളുമായും ഉള്ള ഇടപെടലുകളിലെ വിജയം.. 2020-21ലെ പ്രവർത്തനങ്ങളാണ് വിലയിരുത്തുന്നത്.
- കർഷകരുടെയും പഞ്ചായത്തിന്റെയും കാർഷിക വികസനസമിതിയുടെ അഭിപ്രായങ്ങളും പരിഗണിക്കേണ്ടതാണ്.
- സംസ്ഥാനതല അവാർഡിലേക്കായി മത്സരിക്കുന്നവർ സംസ്ഥാനതല കമ്മിറ്റിക്കു മുമ്പാകെ സ്വന്തം പ്രവർത്തനങ്ങളുടെ ഒരു അവതരണം നടത്തേണ്ടതാണ്.

കൃഷി അസിസ്റ്റന്റ്, കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ അവാർഡിനുള്ള അപേക്ഷകൾ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലയിലെ മികച്ച ഓഫീസർമാരെ കണ്ടെത്തി സംസ്ഥാനതല അവാർഡിന് നോമിനേറ്റ് ചെയ്യേണ്ടതാണ്.

## V) പുതിയ അവാർഡുകൾ

| നം. | അവാർഡിന്റെ പേര് | മാനദണ്ഡങ്ങൾ |
|---|---|---|
| 1. | മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനം | കൃഷി ഭവനുകളുടെ പ്രവർത്തനത്തിന് വേണ്ടി ജനകീയാസൂത്രണ പദ്ധതിയിൽ കൂടുതൽ തുക നീക്കി വെച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അവാർഡിനായി പരിഗണിക്കുന്നതാണ്. സാധാരണയായി കൃഷി അനുബന്ധ മേഖലകൾക്ക് പദ്ധതി വിഹിതത്തിന്റെ 40 % നീക്കി വെക്കാറുണ്ട്. ഈ വിഹിതത്തിൽ കൃഷിയ്ക്ക് വേണ്ടി മാത്രം പ്രത്യേകിച്ച് ഞങ്ങളും കൃഷിയിലേക്ക് ഫാം പ്ലാൻ, സ്മാർട്ട് കൃഷിഭവൻ തുടങ്ങിയ പദ്ധതികൾക്കായി പരമാവധി തുക നീക്കി വെക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പരിഗണിക്കാവുന്നതാണ്. |
| | | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാന കേന്ദ്ര / |

| | | |
|---|---|---|
| 2. | മികച്ച കൃഷിഭവനുള്ള വി.വി രാഘവൻ മെമ്മോറിയൽ അവാർഡ് | ജനകീയാസൂത്രണ പദ്ധതികളിൽ കൃഷിയ്ക്കായി ഏറ്റവും കൂടുതൽ തുക ചെലവാക്കിയ കൃഷിഭവൻ, സ്ഥല വിസ്തൃതി കൂടുതലുള്ള പഞ്ചായത്തും ടി സ്ഥലവിസ്തൃതി കൂടുതലുള്ള പഞ്ചായത്തും ടി സ്ഥലത്ത് പരമാവധി വിസ്തൃതിയിൽ കൃഷി ഇറക്കുന്നതിന് സൗകര്യങ്ങൾ ചെയ്ത കൃഷിഭവൻ, തരിശ് ഭൂമി ഏറ്റവും കുറവുള്ള പഞ്ചായത്തിലെ കൃഷിഭവൻ, കൃഷിഭവന് അത്യാവശ്യം വേണ്ട ഭൌതിക സൌകര്യങ്ങൾ (സ്വന്തം കെട്ടിടം, ഫ്രണ്ട് ഓഫീസ്, കമ്പ്യൂട്ടർ അനുബന്ധ സൗകര്യങ്ങൾ പരിശീലനത്തിനുള്ള പ്രത്യേക ഹാൾ തുടങ്ങിയവ) ഉള്ളവ, ഇക്കോഷോപ്പ് / പ്ലാന്റ് ഹെൽത്ത് ക്ലിനിക് / കാർഷിക കർമ്മസേന / അഗ്രോസർവ്വീസ് സെന്റർ / കൃഷിശ്രീ സെന്റർ തുടങ്ങിയവ പ്രവർത്തിക്കുന്നത്., മാർക്കറ്റിംഗിനു വേണ്ട സൗകര്യങ്ങൾ ഒരുക്കുന്ന കൃഷിഭവനുകൾ, കൂടുതൽ കർഷകരെ A I M S പോർട്ടലിൽ ചേർത്ത കൃഷിഭവനുകൾ, വിള ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കർഷകരെ ചേർത്ത കൃഷിഭവനുകൾ, Agriculture Infrastructure F u n d പദ്ധതിയിൽ കൂടുതൽ കർഷകരെ ചേർത്ത കൃഷിഭവനുകൾ, കേരളകർഷകൻ മാസികയിൽ കൂടുതൽ കർഷകരെ വരിക്കാരാക്കിയ കൃഷിഭവനുകൾ, കൂടാതെ നൂതനമായ സാങ്കേതിക വിദ്യകൾ നടപ്പാക്കിയതും വിവിധ പദ്ധതികളും വകുപ്പുകളുമായി സംയോജിപ്പിച്ച് കൊണ്ട് പദ്ധതികൾ നടപ്പാക്കുന്നതുമായ കൃഷിഭവനുകൾ കൂടുതൽ അവാർഡുകളും സമ്മാനങ്ങളും ലഭിച്ചിട്ടുള്ള കൃഷിഭവനുകളെയും ഇതിലേക്ക് പരിഗണിക്കുന്നതാണ്. |
| 3 | മികച്ച കൃഷിക്കൂട്ടം | |
| | a) ഉൽപ്പാദന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | • കൃഷി ചെയ്യുന്ന വിളകൾ, വിസ്തൃതി , ഉത്പാദനം<br>• തരിശു ഭൂമി കൃഷിയോഗ്യമാക്കിയ വിവരങ്ങൾ.<br>• സംയോജിത കൃഷി രീതികൾ അവലംബിച്ചിട്ടുണ്ടോ? വിവരങ്ങൾ.<br>• ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം<br>• ജൈവ കാർഷിക മുറകളുടെ ഉപയോഗം .<br>• കൃഷിയിൽ നിന്നും ലഭിച്ച വരുമാനം.<br>• മൂല്യവർദ്ധിത കൃഷിയിലെ ഇടപെടൽ |
| | b) സേവന മേഖലയിലെ മികച്ച കൃഷിക്കൂട്ടം | • യന്ത്രവൽകൃത മേഖലയിലെ പ്രവർത്തനം<br>• ഇതര സേവനമേഖലയിലെ പ്രവർത്തനം |

| | | |
|---|---|---|
| | | • കാർഷിക മേഖലയിലെ മറ്റ് ഇടപെടൽ |
| | c) മൂല്യവർദ്ധിത മേഖലയിലെ മികച്ച കൃഷിക്കൂട്ടം | • ഉത്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ എണ്ണം / അളവ് .<br>• നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗം .<br>• മെഷിനറികളുടെ വിനിയോഗം<br>• വാർഷിക വിറ്റു വരവ്<br>• ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ് , വിപണനം, ഗുണമേന്മ |
| 4 | മികച്ച പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (PACS) | • കാർഷിക ലോൺ / KCC വിതരണം<br>• നേതൃത്വം നൽകുന്ന കൃഷിക്കൂട്ടങ്ങളുടെ എണ്ണം<br>• കാർഷിക മേഖലയിൽ നിന്നും ലഭിച്ച വരുമാനം<br>• മൂല്യവർദ്ധിത യൂണിറ്റുകളുടെ എണ്ണം<br>• പങ്കാളിത്ത സ്വഭാവം<br>• കാർഷിക മേഖലയിൽ ഇതര ഫണ്ടുകൾ ലഭ്യമാക്കൽ<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഏകോപനം. |

ANJU K S IAS
DIRECTOR

1/7/2023

...st Director of Agriculture (AR & I
Directorate of Agriculture,
Vikas Bhavan, Thiruvananthapuram